# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2246 — 09.03.2018 -ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്

**ചോദ്യം**

**ശ്രീ. അടൂർ പ്രകാശ് :**

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പിന് വേണ്ടി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തി ; ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ. എ.കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ പ്ലാൻ ശീർഷകത്തിൽ 31 കോടി രൂപയും, നോൺ പ്ലാൻ ശീർഷകത്തിൽ 132 കോടി രൂപയും ചേർത്ത് ആകെ 163 കോടി രൂപ വകയിരുത്തിയിരുന്നു. മുഴുവൻ തുകയും ചെലവഴിച്ച് കഴിഞ്ഞ സാഹചര്യത്തിൽ നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി 50 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 100 കോടി രൂപയും അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ ആകെ 263 കോടി രൂപ ഇതുവരെ ചെലവഴിച്ചു. പ്ലാൻ ശീർഷകത്തിൽ ശേഷിക്കുന്ന 50 കോടി രൂപ മാർച്ച് മാസത്തിൽ ചെലവഴിക്കുന്നതാണ്.

പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2.7 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 72.5 ലക്ഷം രൂപ 28.02.2018 വരെ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ